# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 427 – 29/01/2019-ലെ മറുപടിക്ക്

### കടമെടുപ്പ് അവകാശം

ചോദ്യം | ഉത്തരം

ശ്രീ. വി. ഡി. സതീശൻ
ശ്രീ. വി. ടി. ബൽറാം
ശ്രീ. ഹൈബി ഈഡൻ
ശ്രീ. കെ. എസ്. ശബരീനാഥൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ കടമെടുപ്പ് അവകാശങ്ങളിൽ കേന്ദ്രം കയ്യേറ്റം നടത്തുന്നതായി കരുതുന്നുണ്ടോ; | കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശ അടിസ്ഥാനമാക്കിയുള്ള, സംസ്ഥാനങ്ങൾക്കുള്ള കടമെടുപ്പ് പദ്ധതി പ്രകാരം, മുൻ വർഷങ്ങളിൽ അധികമായി എടുക്കുന്ന വായ്പാതുക വരുംവർഷങ്ങളിലെ കടമെടുപ്പ പരിധിയിൽ നിന്നും കുറവു ചെയ്യുന്ന സാഹചര്യമുണ്ട്. പ്രളയക്കെടുതി മുഖാന്തിരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിയ്ക്കായും വിഭാവനം ചെയ്യുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും ഇതു സംബന്ധിച്ച അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല. |
| ബി | ഉണ്ടെങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് കേന്ദ്രം സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കാതിരുന്നത് എന്നറിയിക്കാമോ; | |
| സി | പ്രളായാനന്തര പുനർനിർമ്മാണത്തിനായി സെസ്സ് ഏർപ്പെടുത്തുവാനുള്ള സംസ്ഥാന നിർദ്ദേശം ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചിട്ടുണ്ടോ; | പ്രളായാനന്തര പുനർനിർമ്മാണത്തിനായി സെസ്സ് ഏർപ്പെടുത്തുവാനുള്ള സംസ്ഥാന നിർദ്ദേശം ജി.എസ്.ടി കൗൺസിൽ അനുഭാവപൂർണ്ണം പരിഗണിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നിയമ നിർമ്മാണം ബജറ്റിനു ശേഷം പരിശോധിക്കുന്നതാണ്. |
| ഡി | ഇത് സംബന്ധിച്ച നിയമനിർമ്മാണം എന്നത്തേക്ക് കൊണ്ടുവരുവാനാണ് ഉദ്ദേശിക്കുന്നത്; | |

| | | |
|---|---|---|
| ഇ | ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകളുടെ നടത്തിപ്പ് കർശനമാക്കിയതോടുകൂടി അടുത്ത വർഷം സംസ്ഥാനത്തിന്റെ കടമെടുക്കൽ തുകയിൽ കുറവുണ്ടാകുമോ; വിശദമാക്കുമോ? | കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശ അടിസ്ഥാനമാക്കിയുള്ള, സംസ്ഥാനങ്ങൾക്കുള്ള കടമെടുപ്പ് പദ്ധതി പ്രകാരം, മുൻ വർഷങ്ങളിൽ പബ്ലിക് അക്കൗണ്ട് വഴി അധികമായി എടുക്കുന്ന വായ്പ തുക വരും വർഷങ്ങളിലെ കടമെടുപ്പ പരിധിയിൽ നിന്നും കുറവു ചെയ്യുന്ന സാഹചര്യമുണ്ട്. ഇത്തരത്തിലൊരു നിലപാട് കേന്ദ്ര സർക്കാർ ഇതിനു മുമ്പ് ഒരിക്കലും സ്വീകരിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ മുൻ അനുമതി പ്രകാരം എടുക്കാമായിരുന്ന വായ്പാ പരിധിയിൽ ഈ മാനദണ്ഡമനുസരിച്ച് കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ട്. ഇത് അസാധാരണമായ ഒരു സ്ഥിതിവിശേഷമാണ്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് വരും വർഷം പ്രയാസം ഉണ്ടാകാത്ത തരത്തിലുള്ള സാമ്പത്തിക ക്രമീകരണങ്ങൾ വരുത്തുന്നതിനാണ് കഠിനമായി പരിശ്രമിക്കുന്നത്. 2018-19 -ലെ അക്കൗണ്ടന്റ് ജനറലിന്റെ തരംതിരിച്ചുള്ള അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**